# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം


**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**


പി.ആർ.ഒ/36/256/2017 2017 ഡിസംബർ 5

## പത്രക്കുറിപ്പ്

**അപേക്ഷാ തീയതി**

ഒന്നാം സെമസ്റ്റർ എം.എഡ്. (ദ്വിവത്സരം - 2017 അഡ്മിഷൻ റഗുലർ/2015 & 2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഡിസംബർ 13 മുതൽ നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു. സപ്ലിമെന്ററി വിദ്യാർത്ഥികളുടെ അപേക്ഷകൾ പിഴയില്ലാതെ ഡിസംബർ 7 വരെ സ്വീകരിക്കും. സി.വി. ക്യാമ്പ് ഫീസായി പേപ്പറൊന്നിന് 50 രൂപ വീതം പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

രണ്ടാം സെമസ്റ്റർ എം.സി.എ. (പുതിയ സ്കീം 2016 അഡ്മിഷൻ സി.പി.എ.എസ്./സ്റ്റാസിലെ റഗുലർ വിദ്യാർത്ഥികൾ) പരീക്ഷകൾ ഡിസംബർ 20ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഡിസംബർ 8 വരെയും 50 രൂപ പിഴയോടെ 11 വരെയും 500 രൂപ സൂപ്പർഫൈനോടെ 14 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 150 രൂപ സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

അഫിലിയേറ്റഡ് കോളേജുകളിലെ രണ്ടാം സെമസ്റ്റർ എം.എസ്.സി. കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് & നെറ്റ്വർക്ക് ടെക്നോളജി (2016 അഡ്മിഷൻ റഗുലർ & 2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷ ഡിസംബർ 20ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഡിസംബർ 6 വരെയും 50 രൂപ പിഴയോടെ 8 വരെയും 500 രൂപ സൂപ്പർഫൈനോടെ 11 വരെയും സ്വീകരിക്കും.

ഒന്നാം സെമസ്റ്റർ ബി.പി.എഡ്. (2016 അഡ്മിഷൻ റഗുലർ/2015 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഡിസംബർ 13ന് ആരംഭിക്കും. അപേക്ഷകൾ 50 രൂപ പിഴയോടെ 6 വരെയും 500 രൂപ സൂപ്പർഫൈനോടെ 7 വരെയും സ്വീകരിക്കും.

രണ്ടാം സെമസ്റ്റർ ബി.പി.എഡ്. (2016 അഡ്മിഷൻ റഗുലർ/2015 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ജനുവരി 4ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഡിസംബർ 11 വരെയും 50 രൂപ പിഴയോടെ 14 വരെയും 500 രൂപ സൂപ്പർഫൈനോടെ 18 വരെയും സ്വീകരിക്കും.

നാലാം സെമസ്റ്റർ ബി.എഡ്. (സ്പെഷ്യൽ എജ്യൂക്കേഷൻ ലേണിംഗ് ഡിസെബിലിറ്റി - 2015 അഡ്മിഷൻ, ക്രെഡിറ്റ് ആന്റ് സെമസ്റ്റർ) പരീക്ഷകൾ ജനുവരി 4ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഡിസംബർ 11 വരെയും 50 രൂപ പിഴയോടെ 13 വരെയും 500 രൂപ സൂപ്പർഫൈനോടെ 15 വരെയും സ്വീകരിക്കും. സി.വി. ക്യാമ്പ് ഫീസായി 100 രൂപയും പ്രൊവിഷണൽ സർട്ടിഫിക്കറ്റ് ഫീയായി 100 രൂപയും പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

**പരീക്ഷാ തീയതി**

മൂന്നാം സെമസ്റ്റർ പി.ജി. പരീക്ഷകൾ ഡിസംബർ 13ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**സൂക്ഷ്മപരിശോധന**

2017 മെയ് മാസം നടന്ന നാലാം സെമസ്റ്റർ എം.എസ്.സി. ബോട്ടണി പരീക്ഷയുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ ഡിസംബർ 7, 8 തീയതികളിൽ തിരിച്ചറിയൽ കാർഡ് സഹിതം സിൽവർ ജൂബിലി പരീക്ഷാഭവനിലെ 226-ാം നമ്പർ മുറിയിൽ ഹാജരാകണം.

## പരീക്ഷാ എൻക്വയറി

മഹാത്മാഗാന്ധി സർവ്വകലാശാല പരീക്ഷാഭവനിൽ സജ്ജീകരിച്ചിരിക്കുന്ന ഫ്രണ്ട് ഓഫീസിൽ എൻക്വയറി/ഹെൽപ്പ്ലൈൻ നമ്പരുകൾ ലഭ്യമാക്കി. 8330013004 മുതൽ 8330013009 വരെയുള്ള നമ്പരുകളിലും 0481 – 2731000, 2733626 എന്നീ നമ്പരുകളിലും പരീക്ഷാ എൻക്വയറി സേവനങ്ങൾ ലഭ്യമാണ്.

## ബാങ്ക് ഇന്റർവ്യൂ പരിശീലനം

വിവിധ ബാങ്കുകളിൽ നിയമനത്തിനായുള്ള പരീക്ഷയിൽ യോഗ്യത നേടിയവർക്ക് മഹാത്മാഗാന്ധി സർവ്വകലാശാലാ എംപ്ലോയ്മെന്റ് ആന്റ് ഇൻഫർമേഷൻ ഗൈഡൻസ് ബ്യൂറോയിൽ ദ്വിദിന ഇന്റർവ്യൂ പരിശീലന പരിപാടി നടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 – 2731025.

## ഫിലിം ഫെസ്റ്റിവൽ

മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിയന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 7, 8 തീയതികളിൽ കാലടി ശ്രീശങ്കര കോളേജിൽവച്ച് ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതാണ്.

## വിദേശ ശാസ്ത്രജ്ഞർക്ക് ആദരം

മഹാത്മാഗാന്ധി സർവ്വകലാശാലാ ഇന്റർനാഷണൽ ആന്റ് ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയും സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലും സംയുക്തമായി നടത്തുന്ന എറുഡേറ്റ് പ്രഭാഷണ പരമ്പരയിൽ മുഖ്യ പ്രഭാഷകരായി പങ്കെടുത്ത അമേരിക്കൻ ശാസ്ത്രജ്ഞന്മാരായ പ്രൊഫ. (ഡോ.) റിച്ചാർഡ് ജെ. സ്പൊന്റാക് (നോർത്ത് കരോലിന സ്റ്റേറ്റ് യൂണിവേഴ്സിറ്റി), പ്രൊഫ. ഉമ്മൻ കെ വർഗീസ് (ഹൂസ്റ്റൺ യൂണിവേഴ്സിറ്റി) എന്നിവർക്ക് മഹാത്മാഗാന്ധി സർവ്വകലാശാലാ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ എറുഡേറ്റ് പ്രൊഫസർഷിപ്പ് നൽകുകയും പൊന്നാടയണിയിച്ച് ആദരിക്കുകയും ചെയ്തു. സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് സെമിനാർ ഹാളിൽ നടന്ന ചടങ്ങിൽ പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അദ്ധ്യക്ഷം വഹിച്ചു.

**അടിക്കുറിപ്പ്**

**മഹാത്മാഗാന്ധി സർവ്വകലാശാലാ നാനോ സയൻസ് പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന എറുഡേറ്റ് പ്രഭാഷണത്തിൽ പങ്കെടുത്ത അമേരിക്കൻ ശാസ്ത്രജ്ഞന്മാരായ പ്രൊഫ. റിച്ചാർഡ് ജെ സ്പൊന്റാക്, പ്രൊഫ. ഉമ്മൻ കെ വർഗീസ് എന്നിവരെ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ പൊന്നാടയണിയിച്ച് ആദരിക്കുന്നു**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**